# പതിമൂന്നാം കേരളനിയമസഭ
# പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.371** **03/02/2014-ൽ മറുപടിക്ക്**

## മരുന്നുക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി

**ചോദ്യം**

ശ്രീ. കെ. രാജു
" സി. ദിവാകരൻ
" ജി. എസ്. ജയലാൽ
" വി. ശശി

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സൂക്ഷിച്ചിരിക്കുന്ന മരുന്നുകളിൽ ഏപ്രിൽ മാസത്തോടെ കാലാവധി കഴിയുന്ന മരുന്നുകളുടെ വിശദാംശം ലഭ്യമാക്കുമോ ; | (എ) | സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സൂക്ഷിച്ചിരിക്കുന്ന മരുന്നുകളിൽ 2014 ഏപ്രിൽ മാസത്തിൽ കാലാവധി കഴിയുന്ന മരുന്നുകളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (ബി) | അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നുകൾക്കായി സർക്കാർ ആശുപത്രികൾ കൃത്യസമയത്തു തന്നെ ഇൻഡന്റുകൾ നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഇൻഡന്റുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ ; ഇതിൽ തെറ്റുകൾ കണ്ടെത്തിയ ഇൻഡന്റുകൾ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ ; | (ബി) | 2014-15 വർഷത്തെ മരുന്നുകൾക്കായി ആരോഗ്യ വകുപ്പിനു കീഴിലുള്ള എല്ലാ ആശുപത്രികളുടെയും ഇൻഡന്റ് ക്രോഡീകരിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ മാർ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നൽകിയിട്ടുണ്ട്. സൂക്ഷ്മപരിശോധനയിൽ അപാകതകൾ കണ്ടെത്തിയതിനാൽ കൊല്ലം, വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകൾ പുതിയ ഇൻഡന്റ് നൽകിയിട്ടുണ്ട്. ചില മരുന്നുകളുടെ എണ്ണം കൂടിയതിനാൽ മറ്റു ജില്ലകൾ അവ കുറയ്ക്കുന്നതിനായി അപേക്ഷിച്ചിരുന്നു. ടി അപാകതകൾ പരിഹരിച്ച് ആരോഗ്യ വകുപ്പിന്റെ ഇൻഡന്റ് 2014 ജനുവരി 18-ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ ഇൻഡന്റ് 2014 ജനുവരി 10-ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ലഭ്യമായിട്ടുണ്ട്. എന്നാൽ മേൽ ഇൻഡന്റിൽ ചെറിയ ചില പിശകുകൾ ശ്രദ്ധയിൽപ്പെടുക യുണ്ടായി. ആയത് പരിഹരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മരുന്നുക്ഷാമം നേരിടുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടി സ്വീകരിച്ച വരുന്നുണ്ടെന്ന് വിശദമാക്കുമോ ? | (സി) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലേയ്ക്ക് 2014-15 സാമ്പത്തിക വർഷത്തെ വിതരണത്തിനായി വാർഷിക ഇൻഡന്റിലൂടെ ആവശ്യപ്പെട്ടിട്ടുള്ള മരുന്നുകൾ സംഭരിക്കുന്നതിനായുള്ള ടെണ്ടറുകൾ 28.01.2014-ന് ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജില്ലാ വെയർഹൗസുകളിൽ എത്തിച്ചേരുന്നതു വരെയുള്ള കാലയളവിലേയ്ക്ക് ആവശ്യമായ മരുന്നുകൾ കോർപ്പറേഷൻ സംഭരിച്ചിട്ടുണ്ട്. സ്റ്റോക്കു കുറവുള്ള മരുന്നുകൾ ആവശ്യമായ അളവിൽ സംഭരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**